**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 5517 · 01.07.2014-ൽ മറുപടിയ്ക്ക്

**നൂൽപ്പുഴ സ്കൂൾ, ഹൈസ്കൂൾ ആയി ഉയർത്തുന്നതും അതോടനുബന്ധിച്ചുള്ള ഹോസ്റ്റൽ നിർമ്മാണവും**

**ചോദ്യം**
**ശ്രീ.കെ.രാധാകൃഷ്ണൻ**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള നൂൽപ്പുഴ സ്കൂൾ എപ്പോഴാണ് ഹൈസ്കൂളായി ഉയർത്തിയതെന്ന് വ്യക്തമാക്കാമോ; | എ) | 1998-99 വർഷത്തിലാണ് രാജീവ് ഗാന്ധി ആശ്രമ സ്കൂൾ, നൂൽപ്പുഴ ഹൈസ്കൂൾ ആയി ഉയർത്തിയത്. |
| ബി) | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി പ്രത്യേക ഹോസ്റ്റലുകൾ നിർമ്മിക്കാൻ 2000 ആഗസ്റ്റിൽ ഭരണാനുമതി നൽകിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി പ്രത്യേക ഹോസ്റ്റലുകൾ നിർമ്മിക്കാൻ 2000 ആഗസ്റ്റിൽ 210 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിരുന്നു. ടി പ്രവർത്തി ഏറ്റെടുത്ത് നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) | പ്രസ്തുത ഹോസ്റ്റലുകളുടെ നിർമ്മാണം എപ്പോഴാണ് നൂറ് ശതമാനവും പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കാമോ; പൂർത്തിയാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | സി) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഏർപ്പെടുത്തിയ കരാറുകാരൻ മരണപ്പെട്ടതിനാൽ ഹോസ്റ്റൽ നിർമ്മാണ പ്രവർത്തികൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | കുട്ടികളുടെ വർദ്ധനവനുസരിച്ച് പുതിയ ഹോസ്റ്റലുകൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ഡി) | കുട്ടികളുടെ വർദ്ധനവനുസരിച്ച് ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും മുമ്പ് മുത്തങ്ങ ഹോസ്റ്റലായി പ്രവർത്തിച്ചിരുന്നതുമായ കെട്ടിടം അറ്റകുറ്റപ്പണി നടത്തി രാജീവ് ഗാന്ധി സ്മാരക ആശ്രമ നൂൽപ്പുഴ സ്കൂൾ ഹോസ്റ്റൽ സൗകര്യത്തിനായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഇ) | പുതിയ ഹോസ്റ്റലുകൾ നിർമ്മിക്കുന്നില്ലെങ്കിൽ നിലവിലുള്ള ഹോസ്റ്റലിൽ കുട്ടികളുടെ വർദ്ധനവനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | ഇ) | നിലവിലുള്ള ഹോസ്റ്റലിൽ കുട്ടികളുടെ വർദ്ധനവനുസരിച്ച് മതിയായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Haripriya

സെക്ഷൻ ഓഫീസർ